# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 702** **29.10.2019-ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശികയായവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പ എടുത്തു കുടിശ്ശികയായിട്ടുള്ള വായ്പക്കാരുടെ വായ്പകൾ തീർപ്പാക്കുന്നതിലേയ്ക്കായി, 2018 ഡിസംബർ 1 മുതൽ 2019 ഫെബ്രുവരി 28 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കിയിരുന്നു. ടി പദ്ധതിയുടെ കാലാവധി 31.03.2019 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതി മൂലം സഹകാരികൾക്കും പ്രളയബാധിതർക്കും ടി പദ്ധതി പൂർണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല എന്നതിനാൽ 2019 ജൂൺ 1 മുതൽ 2019 ജൂലൈ 1 വരെ ടി പദ്ധതി നടപ്പിലാക്കിയിരുന്നു. ടി പദ്ധതി ഇപ്പോൾ നിലവിലില്ല. |
| (ബി) കാർഷിക കടാശ്വാസ പദ്ധതി പ്രകാരം സ്വീകരിച്ച അപേക്ഷകളിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷ നൽകേണ്ടത് എന്നുവരെയാണെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ? | (ബി) വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിക്കുകയും ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള അവാർഡുകൾ പരിശോധനയ്ക്കായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് നൽകുകയും ചെയ്യുന്നു. ടി അവാർഡുകളുടെ അർഹത പരിശോധിച്ച് കടാശ്വാസമായി അനുവദിക്കുന്നതിനുള്ള തുക സംബന്ധിച്ച ശുപാർശ കൃഷി വകുപ്പിനു നൽകുകയും കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ടി തുക സഹകരണ സംഘം രജിസ്ട്രാറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും, ടി തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുന്നു. |

കൃഷി വകുപ്പിന്റെ 17.10.2019-ലെ സ.ഉ. (സാധാ) നം. 952/2019/കൃഷി നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതിയിലേയ്ക്കുള്ള വ്യക്തിഗത അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി 15.11.2019 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**